year in the shape of grants to school-going children. 21 students are being paid stipends for technical education. 205 houses were constructed in the course of the year for habitation to families of the backward classes, and 80 more houses are under construction. Several libraries and night schools are being run at different centres for the benefit of the backward classes. Lands are assigned to members of the backward classes on concessional terms. It is my Government's intention that by the spread of education and by the improvement of the general economic conditions the backward classes should be placed in a position in which they will be able to hold their own in the competitive world to-day.

LAW AND ORDER

29. The Constitution has conferred on every citizen of the State certain invaluable rights and privileges like freedom of speech, freedom of association and freedom of the press. No one is more zealous than my Government in maintaining these rights and privileges unimpaired. But my Government cannot tolerate the licentiousness which passes for freedom of speech or freedom of the Press. It undermines the decencies of public life and tends to create ill-will and hatred among the different classes of the community. Extraordinary evils call for extraordinary remedies. My Government will not hesitate to exercise to the fullest extent necessary the powers which the law has placed in their hands to rid the country of all subversive forces.

FINANCIAL POSITION

30. My Government do not propose to introduce any new taxation during the ensuing year. By a careful husbanding of our resources the State's adverse balances have been practically wiped out. Satisfactory arrangements have also been made between my Government and the Central Government in regard to payments towards the budget gap due to federal financial integration. Proposals for the apportionment of assets and liabilities between the State and the Central Government are being finalised. As the result of federal financial integration, the State has also become eligible for loans, grants and food subsidies from the Government of India in the same manner as Part 'A' States.

31. We are living in hard times. The uncertainties of the international situation are having their reactions on the nation's economy. Trade and Industries are subject to severe handicaps. Agriculture has suffered from natural calamities. Several new problems of administration are confronting all Governments from day to day. In our State we have a highly literate and intelligent public, who take a lively interest in the administration of the State. Their support and discerning criticism are at once the strength and inspiration of my Government. My Government are confident that with the goodwill and co-operation of the people of the State, they will be able to overcome all obstacles and to create conditions of well-being and prosperity for every section of the Community.

Thank you.

After the speech, His Highness the Rajpramukh departed from the Assembly Chamber. Copies of the address were distributed to the Members as directed by the Speaker.

The Speaker then took the Chair.

Announcement regarding the death of Dr. (Mrs.) T. Francis and motion of condolence

മി. സ്പീക്കർ : സ്പീകർഷിപ്പായി സംവരണം ചെയ്തിട്ടുള്ള എറണാകുളം നിയോജകമണ്ഡലത്തിൽനിന്നും ഈ നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ശ്രീ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പറായിരുന്ന ഡാക്ടർ (മിസ്സിസ്സ്) ടി. ഫ്രാൻസിസ്സ് ഫ്രം ൪ം നവമ്പർ ൧൯൫൨ തിയ്യതി ചരമമടഞ്ഞ വിവരം ഈ സഭയെ വ്യസനസമേതം തെര്യപ്പെടുത്തിക്കൊള്ളുന്നു. ഒരു നിയമസഭാംഗമെന്ന നിലയിൽ ആ മഹതി പ്രദർശിപ്പിച്ചിരുന്ന സേവനസന്നദ്ധതയും പൊതുജനങ്ങളുടെ താല്പര്യങ്ങളും സംരക്ഷിക്കുന്നതിൽ പ്രത്യക്ഷപ്പെടുത്തിയിരുന്ന ജാഗ്രതയും പ്രത്യേകം പ്രസ്താവ്യമാണ്. ആ മഹതിയുടെ നിര്യാണത്തിൽ ഈ സഭക്കു നേരിട്ടിരിക്കുന്ന നഷ്ടവും സങ്കടവും രേഖപ്പെടുത്തുകയും അവരുടെ കുടുംബാംഗങ്ങളേയും ബന്ധുമിത്രാദികളേയും നമ്മുടെ അനുശോചനം അറയിക്കുകയും ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യമാണ്. അതിന്റെ ലക്ഷ്യമായി സഭ എഴുന്നേറ്റു് അല്പനേരം നിന്നു് ഈ നിർദ്ദേശം സ്വീകരിക്കണമെന്നു താല്പര്യപ്പെടുന്നു.

The motion was passed unanimously, all the members standing.

മി. സ്പീക്കർ : ഡാക്ടർ (മിസ്സിസ്സ്) ഫ്രാൻസിസ്സിന്റെ ചരമംമൂലം ടി നിയോജകമണ്ഡലത്തിൽ ഒരു ഒഴിവു് ഉണ്ടായിരിക്കുന്ന വിവരം സഭയെ തെര്യപ്പെടുത്തിക്കൊള്ളുന്നു.

Condolence on the death of Sardar Vallabhbhai Patel, Deputy Prime Minister of India

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ) : സർ, ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ പട്ടേലിന്റെ നിര്യാണത്തിനുശേഷം ഈ സഭ ആദ്യമായി സമ്മേളിക്കുകയാണു്. ഈ അവസരത്തിൽ അദ്ദേഹത്തെ സ്മരിക്കേണ്ടതു ഈ സഭയിലെ ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു കർത്തവ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

മരിച്ച അവസരത്തിൽ അദ്ദേഹത്തിനു എഴുപത്തഞ്ചിലധികം വയസ്സു പ്രായമായിരുന്നു എന്നുള്ള വസ്തുത, അദ്ദേഹത്തിന്റെ നിര്യാണംമൂലം നമുക്കുണ്ടായിട്ടുള്ള ദുഃഖത്തെ അശേഷവും ലഘൂകരിക്കുന്നില്ല. അത്രമാത്രം നമ്മുടെ രാഷ്ട്രത്തിനു ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു സ്ഥാപനമായി നാം അദ്ദേഹത്തെ കണക്കാക്കുവാൻ തുടങ്ങിയിരുന്നു. ഇൻഡ്യയിലെ ജനങ്ങൾ സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടിയിരുന്നകാലത്തു് അവരുടെ നിശ്ശബ്ദനും എന്നാൽ സമർത്ഥനുമായ ഒരു സേനാനായകനായിട്ടായിരുന്നു സർദാർ പട്ടേൽ വർത്തിച്ചിരുന്നതു്. മഹാത്മജിയുടെ പ്രധാന സഹപ്രവർത്തകനും അനുയായികളിൽ പ്രമുഖനും അദ്ദേഹമായിരുന്നു.

൧൯൨൦മാണ്ടു മുതൽ ൧൯൪൭ വരെ കാൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഇൻഡ്യയിലെ ജനങ്ങൾ നടത്തിയ സമരത്തിനു് അദ്ദേഹം കുറെ ഏറെ ചുമതല വഹിച്ചിരുന്നു എന്നുള്ളതു നമുക്കൊക്കെ അറിയാം. എന്നാൽ സമരകാലത്തു അദ്ദേഹത്തിനു് നമുക്കു നൽകുവാൻ കഴിഞ്ഞിരുന്നതിനെക്കാൾ കൂടുതൽ ആശിസ്സുകൾ, ഒരുപക്ഷെ, അദ്ദേഹം ഇൻഡ്യയിലെ ഭരണാധികാരി ആയതിനുശേഷം അദ്ദേഹത്തിനു നൽകുവാൻ കഴിഞ്ഞിരുന്നു. സമരകാലത്തു അദ്ദേഹത്തിന്റെ മാഹാത്മ്യം അദ്ദേഹത്തിന്റെ നേതാവായിരുന്ന മഹാത്മജിയുടെ സാന്നിദ്ധ്യംമൂലം അല്പം മങ്ങിയിരുന്നു. മഹാത്മജിയുടെ സഹപ്രവർത്തകനായിട്ടാണു് അദ്ദേഹം അക്കാലങ്ങളിലെല്ലാം പ്രവർത്തിച്ചിരുന്നതു്. എങ്കിലും സമരകാലത്തു് വളരെ സുധീരമായി നേതൃത്വം പ്രകടിപ്പിച്ചിരുന്ന പല നേതാക്കന്മാർക്കും തുല്യമായ പ്രാമുഖ്യം പ്രകടിപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. കഴിഞ്ഞ മൂന്നുകൊല്ലത്തിനകം ഇൻഡ്യയിലെ ഭരണസംബന്ധമായ കാര്യങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള അനിതരസാധാരണമായ സാമർത്ഥ്യ

LIBRARY ARCHIVES Kerala Legislative Assembly